# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4288 3.02.2014-ൽ മറുപടിയ്ക്ക്

**പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 'ഇ ലാബ് 'പദ്ധതി**

ചോദ്യം ഉത്തരം

ശ്രീ. വി.ശശി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നടപ്പാക്കിയ 'ഇ ലാബ് 'പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഈ പദ്ധതി നടപ്പാക്കാൻ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ലൈഫ് സ്കിൽ ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി എൻ.ഐ.ഐ.റ്റി ബാംഗ്ലൂർ എന്ന സ്ഥാപനവുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ഇ-ലാബ് പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി 25,91,350/ രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ നോഡൽ ഏജൻസി ഏതായിരുന്നുവെന്നും എന്തെല്ലാം പരിപാടികൾക്കായി ആണ് തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ; പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ആരാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | ഇ-ലാബ് പദ്ധതിയുടെ നോഡൽ ഏജൻസി എൻ.ഐ.ഐ.റ്റി ബാംഗ്ലൂർ എന്ന സ്ഥാപനമാണ്. അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രസ്തുത ഏജൻസി ലഭ്യമാക്കിയിട്ടില്ല. പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് എൻ.ഐ.ഐ.റ്റി ആണ്. |

Bal... K.J

സെക്ഷൻ ഓഫീസർ